# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 383 — 16.03.2017-ൽ മറുപടിക്ക്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസംരക്ഷണം

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ
,, കെ. ആൻസലൻ
,, മുരളി പെരുനെല്ലി
,, പി.കെ. ശശി

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പ് മന്ത്രി

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളി കൾക്കായുള്ള ലേബർ ക്യാമ്പുകളിലെ ശുചിത്വ സൗകര്യങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ:

(സി) ഇവർക്കായി വിവിധ വകുപ്പുകളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ടോ;

(എ) യും (ബി) യും (സി) യും

ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ(തദ്ദേശസ്വയംഭരണ വകുപ്പ്) ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ(കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് സ.ഉ.(സാധാ)1717/15/ തൊഴിൽ പ്രകാരം രൂപീകരിച്ചിട്ടു ണ്ട്. കൂടാതെ തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പ് വരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ (സാ.ധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടു ണ്ട്. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യു ന്ന സ്ഥലങ്ങളി ൽ ജി ല്ലാ ലേബർ ഓഫീസർ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തി ൽ പര ിശോധനകൾ നടത്തിവ രുന്നു. പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾ ക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം,

തൊഴിൽസുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു.ആരോഗ്യ വകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ പരിപാടികളും ഇവർക്കായി സംഘടിപ്പിച്ചു വരുന്നു.

| | |
|---|---|
| (ഡി) എങ്കിൽ ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) ഇവർക്ക് മെഡിക്കൽ ക്യാമ്പ് നടത്തുവാനും വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുവാനുമായി 07.09.2016- ലെ സ.ഉ (സാ.ധാ) 1210/16/തൊഴിൽ നമ്പരായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ